**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **10-06-2024 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്നത് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച് സർക്കാർതലത്തിൽ വിലയിരുത്തിൽ നടത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ.ഉ.(സാധാ) നം. 470/2023/ ഭ.പൊ.വി.വ. തീയതി 23/11/2023 പ്രകാരം സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും സബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ചീഫ് സെക്രട്ടറി - ചെയർമാൻ<br><br>2. ഭക്ഷ്യ വകുപ്പ് സെക്രട്ടറി - മെംബർ<br><br>3.ധനകാര്യ വകുപ്പ് സെക്രട്ടറി - മെംബർ<br><br>4. തദ്ദേശ സ്വയംഭരണ<br><br>വകുപ്പ് സെക്രട്ടറി - മെംബർ<br><br>5. കൃഷി വകുപ്പ് സെക്രട്ടറി - മെംബർ<br><br>6. റവന്യൂ വകുപ്പ് സെക്രട്ടറി - മെംബർ<br><br>7. എ.ഡി.ജി.പി (Inteligence) – മെംബർ<br><br>8. എ.ഡി.ജി.പി. (Law & Order) - മെംബർ<br><br>9. ഭക്ഷ്യ പൊതുവിതരണ വകുപ്പ്<br><br>കമ്മീഷണർ - കൺവീനർ<br><br>മേൽ കമ്മിറ്റി നാല് മാസത്തിലൊരിക്കൽ യോഗം കൂടി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം |

സംബന്ധിച്ച് സ്ഥിതി വിലയിരുത്തേണ്ടതും, ജില്ല കളക്ടർമാർ, ഭക്ഷ്യ -കൃഷി, വകുപ്പ് ജില്ല തല ഉദ്യോഗസ്ഥരുമായി എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് പൊതു വിതരണ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും, പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം ഉന്നതതല യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ, കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികളും തീരുമാനങ്ങളും സ്വീകരിച്ചിട്ടുണ്ട്. വിലക്കയറ്റം തടയുന്നതുമായി ബന്ധപ്പെട്ട് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് മുഖാന്തരം ഒരു മീറ്റിംഗ് കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ മൂന്ന് തലങ്ങളിലായാണ് ഇടപെടൽ നടത്തേണ്ടതെന്ന് തീരുമാനിച്ചു. ആയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. മൊത്ത വ്യാപാരികളുമായുള്ള ചർച്ച**

ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലകളിലുള്ള മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ചരക്ക് നീക്കത്തിൽ ഉണ്ടായാൽ അവ മാറ്റുന്നതിനും ചരക്ക് നീക്കം സുഗമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ ജില്ലാ കളക്ടർമാരും ജില്ലാ തലത്തിൽ മൊത്തവ്യാപാരികളുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2. ജില്ലാ കളക്ടർമാരുടെ നേതൃത്വതിതലുള്ള സ്പെഷ്യൽ സ്ക്വാഡ്**

ജില്ലാകളക്ടർമാർ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിനും പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപെട്ട് പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചു. ആയതു പ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തി വരുന്നു.

| | | | |
|---|---|---|---|
| | | | **3. വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന**<br><br>ജില്ലാ സപ്ലൈകോ ആഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധന നടത്തിയപ്പോൾ അപ്രകാരം വിലവിവര പത്രിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പൊതുവിപണിയിലെ വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിൽ സർക്കാർ പരാജയമാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനു സർക്കാർ ഫലപ്രദമായി ഇടപെടലുകൾ നടത്തി വരുന്നു. |
| (സി) | പൊതുവിപണിയിൽ ഇടപെടുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ നാല് സാമ്പത്തിക വർഷം വിപണിയിടപെടൽ പദ്ധതിക്കായി സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സാമ്പത്തിക വർഷം - അനുവദിച്ച തുക<br><br>2020-21 - 0<br><br>2021-22 - 75 കോടി രൂപ<br><br>2022-23 - 0<br><br>2023-24 - 357.63 കോടി രൂപ |
| (ഡി) | എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തിക വർഷം എത്ര തുക നൽകാനാണ് പ്രഖ്യാപനം നടത്തിയത്; അതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | 2024-25 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് വകയിരുത്തിയിട്ടുള്ളത് 205 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം തുക വിതരണം ചെയ്ത് തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ